**2010, ഖുത്ബ നമ്പര്‍-05**

**29.01.2010**

**ബയ്ത്തുല്‍ ഫുതൂഹ്,**

**ലണ്ടന്‍**

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖുത്വുബ ഇല്‍ഹാമിയയില്‍ ഇപ്ര കാരം അരുള്‍ ചെയ്യുന്നു. അതായത് അല്ലാഹു എന്നെ അറിയിച്ചി രിക്കുന്നു. **കുല്ലു ബറക്കത്തിന്‍ മിന്‍ മുഹമ്മദിന്‍ സല്ലല്ലാഹു അലൈഹി വസല്ലമ വതബാറക്ക മന്‍ അല്ലമ വതഅല്ലമ**. അതായത് നബി ﷺ തിരുമേനി തന്റെ ആത്മീയ പ്രഭാവത്താല്‍ നിങ്ങളെ ശിക്ഷ ണവിധേയരാക്കുകയും നിങ്ങളുടെ ഹൃദയത്തിന്റെ പാത്രങ്ങളില്‍ തന്റെ അനുഗ്രഹങ്ങള്‍ നിറക്കുകയും നിന്നെ സ്വഹാബാക്കളില്‍ ഉള്‍പ്പെടുത്തുകയും അവന്റെ പ്രവചനപ്രകാരം ആഖരീന മിന്‍ഹും എന്നത് പൂര്‍ത്തിയാക്കുകയും ചെയ്തിരിക്കുന്നു. തിരുനബി ﷺ യിലൂടെ ലഭിച്ച ഈ അനുഗ്രഹത്താല്‍ അങ്ങ് ആത്മീയ പ്രകാശ ത്താല്‍ പ്രശോഭിതനായതോടൊപ്പം തന്നെ ബാഹ്യമായ പ്രകാശം ലഭി ക്കുകയും ചെയ്തു. സല്‍പ്രകൃതക്കാരായ എല്ലാവര്‍ക്കും ഈ പ്രകാശം ലഭിക്കണമായിരുന്നു. അവസാന കാലത്തെ ഇമാം എന്നത് കൊണ്ട് തന്നെ സാധാരണക്കാരായ സ്വഹാബാക്കളുടെ പ്രകാശമല്ല അങ്ങേക്ക് ലഭിച്ചത്. അതിനെക്കാള്‍ എത്രയോ അധികമായിരുന്നു. തന്റെ യജമാനന്റെ യഥാര്‍ത്ഥ ശിഷ്യനായിട്ടാണ് അല്ലാഹു അദ്ദേ ഹത്തെ നിയോഗിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് അരുള്‍ ചെയ്യു ന്നു. സ്വഹാബാക്കളുമായി ഏതുപോലെ ഈ ജമാഅത്തിന് സാദൃ ശ്യമുണ്ടോ അതുപോലെ തന്നെ ഈ ജമാഅത്തിന്റെ ഇമാം (ഹദ്റത്ത് മസീഹ് മൗഊദ് (അ)) നബി ﷺ യുമായി സാദൃശ്യമുള്ളയാളാണ്. മസീഹ് മൗഊദിനുള്ള പ്രത്യേകത തന്നെ അദ്ദേഹം നബി ﷺ യുമായി വളരെയധികം സാദൃശ്യമുള്ളയാളായിരിക്കും എന്നാണ്. ഈ അത്ഭുത പ്രതിഭാസം ശിഷ്യനില്‍ പ്രകടമാവേണമെങ്കില്‍ യജമാനനുമായുള്ള സാദൃശ്യം അനിവാര്യമാണ്. ഇന്ന് ഞാന്‍ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ രൂപഭംഗിയെക്കുറിച്ചും സ്വഹാബാക്കളുമായി ബന്ധപ്പെട്ട ചില കാര്യങ്ങളെക്കുറിച്ചും പരാമര്‍ശിക്കുന്നതായിരിക്കും. ഇക്കാര്യത്തില്‍ ആദ്യമായി നമുക്ക് കാണാന്‍ കഴിയുന്നത് മസീഹ് മൗഊദ് (അ) ന്റെ സ്വഹാബിമാര്‍ അങ്ങയുടെ രൂപഭംഗിയെ എങ്ങിനെയാണ് കണ്ടി രുന്നത് എന്നതാണ്. മിര്‍സാ ബശീര്‍ അഹ്മദി സാഹിബ് എഴുതു ന്നു. ഡോക്ടര്‍ മീര്‍ മുഹമ്മദ് ഇസ്മായീല്‍ സാഹിബ് ഇപ്രകാരം നിവേദനം ചെയ്തു. അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ രൂപഭംഗിയെക്കുറിച്ച് പറയുമ്പോള്‍ ഒരേയൊരു വാചകം തന്നെ മതി യായതാണ്. അവിടുന്ന് പൗരുഷത്തിന്റെ ഉദാത്തമായ മാതൃകയായി രുന്നു. എന്നാല്‍ ഈ വാചകത്തോടൊപ്പം തന്നെ മാനുഷിക സൗന്ദ ര്യവും ആത്മീയമായ തിളക്കവും പ്രകാശവും ഉണ്ടാകേണ്ടത് അനി വാര്യമാണ്. മറിച്ച് ആ വാചകം തന്നെ അപൂര്‍ണ്ണമാകുമായിരുന്നു. ഏതുപോലെ ഈ സമുദായത്തിലേക്ക് സൗന്ദര്യാത്മകമായ (ജമാലി) രൂപത്തില്‍ വന്നുവോ അതുപോലെതന്നെ അങ്ങയുടെ രൂപഭം ഗിയും ദൈവിക സൃഷ്ടിപ്പിന്റെ മാതൃകയായിരുന്നു. അങ്ങയെ വീക്ഷിക്കുന്നവര്‍ എപ്പോഴും ആകര്‍ഷിക്കപ്പെടുമായിരുന്നു. അങ്ങ യുടെ മുഖകമലം ആത്മീയതയോടൊപ്പം ഭയപ്പെടുത്തുന്നതോ വികൃതമോ ഒന്നുമായിരുന്നില്ല. മറിച്ച് വളരെയധികം വിനയത്തിന്റെ യും ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു ലയനമായിരു ന്നു അവിടെ കണ്ടത്. ഗോതമ്പ് നിറമെന്നാല്‍ ഏറ്റവും നല്ല ഗോതമ്പ് നിറം. അതില്‍ പ്രകാശത്തോടൊപ്പം ചുവപ്പ് നിറം കൂടി തിളങ്ങി കാണുമായിരുന്നു. അങ്ങയുടെ മുഖത്തിന്റെ നിറം ഒരിക്കലും താല്‍കാലികമായിരുന്നില്ല. എപ്പോഴും ഒരേ അവസ്ഥയിലായിരുന്നു. ഏതെങ്കിലും വിധത്തിലുള്ള വിഷമം കൊണ്ടോ ദുഃഖം, കേസുകള്‍, പരീക്ഷണങ്ങള്‍, പ്രശ്നങ്ങള്‍ കൊണ്ടോ അങ്ങയുടെ നിറം മങ്ങിയി രുന്നില്ല. എപ്പോഴും ആ അനുഗ്രഹീത മുഖം ശുദ്ധമായ സ്വര്‍ണ്ണത്ത കിട് പോലെ വെട്ടിത്തിളങ്ങുമായിരുന്നു. സങ്കീര്‍ണ്ണഘട്ടങ്ങളിലോ വിഷമഘട്ടങ്ങളിലോ ആ നിറത്തിന് മാറ്റം സംഭവിച്ചിരുന്നില്ല. കൂടാ തെ ഈ തിളക്കത്തോടൊപ്പം ആ മുഖത്ത് ആനന്ദവും പുഞ്ചിരിയും എപ്പോഴും പ്രകടമായിരുന്നു. ഈ വ്യക്തി കള്ളവാദിയാണെന്നോ മറ്റോ ഉള്ള വിചാരമുണ്ടെങ്കില്‍ എന്തുകൊണ്ട് ആ മുഖത്ത് സന്തോ ഷവും പുഞ്ചിരിയും എപ്പോഴും കാണാന്‍ സാധിക്കുന്നു എന്ന് അദ്ദേ ഹത്തെ കാണുന്നവര്‍ പറയുമായിരുന്നു. ബാഹ്യമായി ഇത്രയധികം ഗുണഗണങ്ങളുള്ളയാളുടെ അന്തരംഗം ഒരിക്കലും ചീത്തയാവുക യില്ല. അതുപോലെ ഈമാനിന്റെ പ്രകാശം ദുര്‍വൃത്തരില്‍ ഒരിക്കലും കാണാന്‍ സാധിക്കുകയില്ല. അങ്ങയുടെ സൗന്ദര്യത്തെപ്പറ്റിയും പ്രകാശത്തെപ്പറ്റിയും എത്ര സുന്ദരമായാണ് വര്‍ണ്ണിച്ചിരിക്കുന്നത്. എന്നാല്‍ നാം മനസ്സിലാക്കേണ്ട ഒരു കാര്യം അങ്ങ് മുസ്തഫ ﷺ യുടെ പ്രകാശത്തില്‍ ലയിച്ച് തന്റെ ആരാധ്യനില്‍ പരിപൂര്‍ണ്ണമായും അഭയം പ്രാപിച്ചത് കൊണ്ടാണ് ബാഹ്യമായ പ്രകാശവും ലഭിച്ചിരി ക്കുന്നത്. നബി ﷺ യുടെ പ്രകാശത്തില്‍ പരിപൂര്‍ണ്ണമായും ലയിച്ച ത് കൊണ്ടാണ് എല്ലാ രംഗങ്ങളിലും ആ പ്രകാശം കാണുമാറായത്.

തന്റെ ഒരു പാര്‍സി കവിതയില്‍ മസീഹ് മൗഊദ് (അ) ഇപ്രകാരം എഴുതുന്നു. ഞാന്‍ തീര്‍ച്ചയായും മുസ്തഫ ﷺ യുടെ അനന്തരാ വകാശിയായത് ആ നിറത്തില്‍ തന്നെ ലയിപ്പിച്ചത്കൊണ്ടാണ്.

വീണ്ടും പറയുന്നു: ഞാന്‍ കാരുണ്യവാനായ അല്ലാഹുവില്‍നി ന്നുള്ള കണ്ണാടിയാകുന്നു. മദീനയില്‍ തിളങ്ങിയ ആ ചന്ദ്രന്റെ പ്രകാ ശം ജനങ്ങളില്‍ എത്തിക്കാന്‍ വേണ്ടിയാണ്. അതായത് അങ്ങ് സ്വയം ഒന്നുമായിരുന്നില്ല. ആ ശരീരം മുഹമ്മദീപ്രകാശത്തിന്റെ കണ്ണാടി യായി വര്‍ത്തിക്കുകയും ആരാധനകളിലും മര്യാദകളിലും സ്വഭാവ ഗുണങ്ങളിലുമെല്ലാം യജമാനന്റെ മാതൃകകള്‍ അക്ഷരംപ്രതി പിന്‍പ റ്റുമായിരുന്നു. തന്റെ മഹ്ദീമസീഹിനെക്കുറിച്ചും സത്യസന്ധനായ ശിഷ്യനെക്കുറിച്ചും അദ്ദേഹത്തിന്റെ മഹത്വത്തെപ്പറ്റിയും റസൂല്‍ ﷺ പറഞ്ഞത്. എനിക്കും എന്റെ മഹ്ദിക്കുമിടയില്‍ ഒരു നബിയു മില്ല എന്നായിരുന്നു. നുബുവ്വത്ത് പദവി അദ്ദേഹത്തിന് ലഭിച്ചത് തിരു മേനി ﷺ യില്‍ പരിപൂര്‍ണ്ണമായി കൊണ്ടായിരുന്നു. ഈ സുന്ദരമായ വാക്കുകള്‍ അദ്ദേഹത്തിന് കൂടുതല്‍ സൗന്ദര്യവും മഹത്വവും നല്‍കുന്നവയാണ്. എന്നാല്‍ നബി ﷺ മാത്രമാണ് പരിപൂ ര്‍ണ്ണമനു ഷ്യന്‍ എന്ന പേരിന്നര്‍ഹനായിട്ടുള്ളത്

ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് സാനി തന്റെ കവിതാ ശകല ത്തില്‍ ഇപ്രകാരം പറയുന്നു.

ശാഗിര്‍ദ് നെ ജൊപായാ ഉസ്താദ് കീ ദൗലത്ത് ഹെ, അഹ്മദ് കൊ മുഹമ്മദ് സെ തും കെയ്സെ ജുദാ സംജെ

ശിഷ്യന്‍ കരഗതമാക്കിയതെന്തോ അത് ഗുരുവിന്റെ സമ്പത്താ ണ്. മുഹമ്മദില്‍ നിന്ന് അഹ്മദിനെ നിങ്ങള്‍ക്ക് എങ്ങനെ വേര്‍തിരി ക്കാന്‍ കഴിയും.

ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം (നഊദുബില്ലാഹ്) നബി ﷺ യെക്കാള്‍ ഉയര്‍ന്ന പദവി മസീഹ് മൗഊദ് (അ) നാണ് എന്നത്

ഒരു നിമിഷ നേരത്തേക്ക് പോലും ചിന്തിക്കാൻ സാധിക്കാത്ത വസ്തുതയാണ്. ഇത്തരം ആക്ഷേപങ്ങൾ അഹ്മദികൾക്ക് മേൽ ഇയ്യിടെയായി പലപ്പോഴും ഉണ്ടാകാറുണ്ടെങ്കിലും റസൂൽ ﷺയുടെ പദവിയെക്കുറിച്ചും പ്രകാശത്തെപ്പറ്റിയുമുള്ള യഥാർത്ഥജ്ഞാനം അഹ്മദികൾക്കാണുള്ളത്. യജമാനനും ഭൃത്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി സാഹിബ് അദ്ദേഹം കണ്ട ദർശനത്തിൽ പറയുന്നു.

ഒരിക്കൽ ഞാൻ ദർശനത്തിൽ ഇപ്രകാരം കണ്ടു. ഹദ്റത്ത് നബി ﷺ യും,മസീഹ് മൗഊദും, ഈ വിനീതനും മൂന്നുപേരും ഒരു സ്ഥലത്ത് നിൽക്കുകയാണ്. നബി(സ) യുടെ മുഖകമലം സൂര്യനെപ്പോലെ തിളങ്ങുന്നതായിരുന്നു. അങ്ങ് കിഴക്ക് ഭാഗത്തേക്ക് മുഖം തിരിച്ച് നിൽക്കുന്നു. മസീഹ് മൗഊദ് (അ) ന്റെ മുഖം ചന്ദ്രനെപ്പോലെ പ്രകാശിതമായിരുന്നു. അങ്ങ് പടിഞ്ഞാറ് ഭാഗത്തേക്ക് മുഖം തിരിച്ചു നിൽക്കുന്നു. ഈ വിനീതൻ രണ്ട് മഹത്‌വ്യക്തികളുടേയും നടുവിലായി നിന്ന് കൊണ്ട് തിളക്കമാർന്ന മുഖങ്ങൾ ദർശിക്കുകയാണ്. തന്റെ സൗഭാഗ്യത്തെ പ്രകീർത്തിച്ച്കൊണ്ട് ഇപ്രകാരം പറയുകയാണ്. ഞങ്ങൾ എത്ര സൗഭാഗ്യവാന്മാരാണ്. അതായത്, നബി ﷺ യെയും ഇമാം മഹ്ദിയെയും ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ഞാൻ ഈ രണ്ട് മഹത്‌വ്യക്തികളുടെയും മുഖങ്ങളെ നോക്കിയപ്പോൾ നബി ﷺ യുടെ മുഖത്തിന്റെ പ്രകാശത്താൽ മസീഹ് മൗഊദിന്റെ മുഖം പ്രകാശിക്കുന്നതായി കണ്ടു. വീണ്ടും പറയുന്നു. ഈ ദർശനത്തിന് ശേഷം അടുത്തരാത്രി ഉറങ്ങിയപ്പോൾ സ്വപ്നത്തിൽ ശേഖ് സഅദീ ശിറാസി (റഹ്) ഞാനുമായി കണ്ടുമുട്ടി. എന്നോട് പറഞ്ഞു. നിങ്ങൾ എത്ര ഭാഗ്യവാന്മാരാണ്. നിങ്ങൾക്ക് ഇമാംമഹ്ദിയുടെ കാലഘട്ടം ലഭിച്ചിരിക്കുന്നു. വീണ്ടും പറഞ്ഞു. ഇമാം മഹ്ദിയുടെ സന്നിധിയിൽ എന്റെ സലാം പറയുക. ഞാൻ ഈ ദിനങ്ങളിൽ എന്റെ സ്വദേശമായ രാജെകിയിലാണ് താമസിച്ച് വന്നത്. ആ സമയത്ത് ജമാഅത്തിന് അഹ്മദിയ്യത്ത് എന്ന പേര് വെച്ചിട്ടില്ലായിരുന്നു. ഞാൻ രാവിലെ ഉണർന്നപ്പോൾ ശേഖ് സഅദിയുടെ ആഗ്രഹപ്രകാരം മസീഹ് മൗഊദിന് ഒരു കത്തെഴുതിക്കൊണ്ട് ശേഖ് സഅദിയുടെ സലാം അങ്ങയെ അറിയിച്ചു. ഞാൻ കണ്ട് സ്വപ്നവും വിവരിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം വീണ്ടും ദർശനത്തിൽ ശേഖ് സഅദിയെ കാണുകയും അദ്ദേഹത്തിന്റെ സലാം മഹ്ദിക്ക് എത്തിച്ചതിൽ അദ്ദേഹം വളരെയധികം സന്തോഷിക്കുകയും എന്റെ കയ്യിൽ ഒരു പുസ്തകം നൽകിക്കൊണ്ട് പറയുകയും ചെയ്തു ഇത് ഒരു ഉപഹാരമാണ്. ഞാൻ അത് മറിച്ചപ്പോൾ ആദ്യപേജിൽ സിറാജുൽ അസ്റാർ എന്നെഴുതിയിരുന്നു.

മിർസാ ബശീർ അഹ്മദ് സാഹിബ് നിവേദനം ചെയ്യുന്നു: ഖാസി അബ്ദു റഹ്മാൻ സാഹിബിന്റെ മകൾ അമത്തുറഹ്മാൻ ഒരു എഴുത്തിലൂടെ എന്നെ അറിയിച്ചു. മസീഹ് മൗഊദിന് മീർസാ ഫസൽ അഹമദ് സാഹിബിന്റെ മരണവാർത്ത വന്നപ്പോൾ (അങ്ങയുടെ രണ്ടാമത്തെ മകൻ) മഗ്‌രിബിന്റെ സമയമായിരുന്നു. ആ സമയം മുതൽ ഇശാ വരെ അവിടുന്ന് നടന്നുകൊണ്ടിരിക്കുകയായിരുന്നു. അങ്ങയുടെ മുഖം പ്രകാശത്താൽ തിളങ്ങുന്നുണ്ടായിരുന്നു.

മീർ റഹീം ബക്ശ് സാഹിബിന്റെ നിവേദനം ഇപ്രകാരമാണ്: ഒരിക്കൽ ളുഹർ നമസ്ക്കാരശേഷം മസീഹ് മൗഊദ് (അ) പള്ളിയിൽ നിന്ന് വീട്ടിലേക്ക് പോകുകയും സുന്നത്ത് നമസ്കാരശേഷം ജനലിലൂടെ ഖലീഫ അവ്വലിനെ വിളിക്കുകയും ചെയ്തു. ഹുസൂർ ഏതോ പുസ്തകം എഴുതുകയായിരുന്നു. ഹഖീം സാഹിബിനോട് അതുമായി ബന്ധപ്പെട്ട ചില തെളിവുകൾ ചോദിക്കാനാണ് വിളിച്ചത്. ഞാൻ ജനലിലൂടെ മസീഹ് മൗഊദ് (അ) നെ കണ്ടപ്പോൾ തലയിൽ തലപ്പാവില്ലായിരുന്നു. ഞാൻ കണ്ട ആ ദൃശ്യം വിവരിക്കാൻ എനിക്ക് സാധ്യമല്ല. ആ വീട് മുഴുവൻ പ്രകാശം നിറഞ്ഞതായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞത്. ആ മുഖത്താൽ വീട് തന്നെ പ്രകാശപൂരിതമാകുകയായിരുന്നു. ആ പ്രകാശിതവദനത്തെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ഹൃദയത്തിന് കുളിർമ്മ നൽകുന്ന ചിന്തകളാണ് ഉണ്ടായത്. ആ ദൃശ്യം ഇപ്പോഴും എന്റെ കണ്ണുകളിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖലീഫ അവ്വലിനോട് എന്തോ ചോദി ക്കുകയും അദ്ദേഹം പുറത്ത് വരികയും ചെയ്തപ്പോൾ പിന്നീട് അങ്ങ് വാതിൽ അടച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ രൂപഭംഗിയെക്കുറിച്ച് ഡോക്ടർ ബിശാറത്ത് സാഹിബിന്റെ ഗ്രന്ഥമായ മുജദ്ദിദെ ആസമിൽ എഴുതുന്നു.

1906 ൽ ദീർഘകാല അവധിയിൽ ഞാൻ ഖാദിയാനിലേക്ക് പോയിരുന്നു. ഹദ്റത്ത് സാഹിബിന് അത്ര സുഖമില്ലാത്ത ദിവസമായിരുന്നു. കഠിനമായ തലവേദനയിലും ളുഹർ നമസ്കാരത്തിനായി അങ്ങ് പള്ളിയിലെത്തി. എന്റെ മുന്നിലൂടെ വരുന്നത് ഞാൻ കണ്ടു. തലവേദനകൊണ്ടുള്ള ക്ഷീണം മുഖത്ത് പ്രകടമായിരുന്നു. എന്നാൽ നെറ്റിയിൽ പ്രത്യേക പ്രകാശം തീപ്പൊരി കണക്കെ തിളങ്ങുന്നത് ഞാൻ കണ്ടു. ഇതു എന്റെ ഹൃദയത്തിൽ ആനന്ദമുണ്ടാക്കി. ആ അസാധാരണമായ തിളക്കം എന്താണ് എന്ന് ഇന്ന് വരെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ചില പ്രത്യേക സമയങ്ങളിൽ എന്റെ കണ്ണുകളിൽ പതിഞ്ഞ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ മുഖത്ത് പരിശുദ്ധിയുടെ ലക്ഷണങ്ങൾ എപ്പോഴും പ്രകടമായിരുന്നു. ആത്മീയപ്രകാശംകൊണ്ടുള്ള ആ തിളക്കം കാണുന്നവർ അതിലേക്ക് തീർച്ചയായും പ്രഭാവിതരാകുന്നതാണ് എന്നതിൽ സംശയമില്ല. ഹിന്ദുക്കൾ പോലും ഇത് അംഗീകരിച്ചിരുന്ന വസ്തുതയാണ്. പറയപ്പെടുന്നു. ബട്ടാലയ്ക്കും ഖാദിയാനുമിടയിലുള്ള പുഴയുടെ തീരത്ത് ഹിന്ദുവായ ഒരു കച്ചവടക്കാരൻ ശാവിന്ദ് ലാൽ ഇരിക്കുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു. മഹാരാജാവേ ഇതിലൂടെ പോകുന്നവരേയും വരുന്നവരേയും ഞാൻ കാണാറുണ്ട് വലിയ വലിയ പഠാന്മാർ പറയാറുള്ളത് ഞങ്ങൾ ഇന്ന് മിർസായുടെ കാര്യത്തിൽ തീരുമാനമെടുത്തേ അടങ്ങൂ എന്ന് പറഞ്ഞവർ തിരിച്ച് ഇതിലൂടെ പോകുന്നത് മീർസായെ പ്രകീർത്തിച്ചുകൊണ്ടായിരിക്കും. മിർസാ, ദേവിയുടെ രൂപമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇത് ഒരു ഹിന്ദുവിന്റെ സാക്ഷ്യമാണ്.

ഡോക്ടർ ബിശാറത്ത് സാഹിബ് ഒരു നിവേദനത്തിൽ പറയുന്നു. പരിശുദ്ധതയുടെയും ആകാശീയ പ്രകാശങ്ങളുടേയും കിരണങ്ങൾ എപ്പോഴും അങ്ങയുടെ മുഖത്ത് പ്രകടമായിരുന്നു. അത് പേനയാൽ വിവരിക്കാനോ ഫോട്ടോയിൽ കാണിക്കാനോ സാദ്ധ്യമല്ല. ചെറിയ ഒരു വാതിലിലൂടെ അങ്ങ് വീട്ടിൽ നിന്ന് പള്ളിയിലേക്ക് വരുമ്പോൾ ഒരു പ്രകാശഗോളം തന്നെ മുമ്പിൽ വന്നതായി തോന്നുമായിരുന്നു. ആദ്യമായി ഈ വിനീതൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സിയാൽ കോട്ടിൽ വെച്ച് 1891 ലാണ് കണ്ടത്. അങ്ങ് ഹഖീം നിസാമുദ്ദീൻ മർഹൂമിന്റെ വീട്ടിൽ നിന്നിറങ്ങി ഇടവഴിയിലൂടെ മുമ്പിലുള്ള വീട്ടിലേക്ക് പോയി. എനിക്ക് തോന്നിയത് ഒരു പ്രകാശം കൺമുമ്പിൽ നിന്ന് അപ്രത്യക്ഷമായതായിട്ടാണ്. എന്റെ ഹൃദയം പറഞ്ഞുകൊണ്ടിരുന്നു. ഈ രൂപം കള്ളവാദിയുടേതാകാൻ സാദ്ധ്യതയേയില്ല. വളരെ പരിശുദ്ധനായ ഒരു വ്യക്തിയുടേതാണ് ഈ മുഖം. നല്ല തണുപ്പ് കാലത്താണ് ഞാനൊരിക്കൽ ഖാദിയാനിലേക്ക് പോയ

ത്. വൈകുന്നേരത്ത് മഴയും. നല്ല തണുത്ത കാറ്റും അടിക്കുന്നുണ്ടായിരുന്നു. മസ്ജിദ് മുബാറക്കിൽ മഗ്രിബിന്റെ സമയം വല്ലാത്ത ഇരുട്ട് തോന്നിത്തുടങ്ങിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അകത്ത് നിന്ന് വന്നു. അങ്ങയുടെ കയ്യിൽ കത്തിക്കൊണ്ടിരിക്കുന്ന മെഴുകുതിരി ഉണ്ടായിരുന്നു. അതിന്റെ പ്രകാശം അങ്ങയുടെ മുഖത്തും കാണാമായിരുന്നു. അല്ലാഹ് അല്ലാഹ് ! ഞാൻ അപ്പോൾ അങ്ങയുടെ മുഖത്ത് കണ്ട പ്രകാശം ഇന്നു വരെ മറന്നിട്ടില്ല. ആ മുഖം സൂര്യനെപ്പോലെ തിളങ്ങുന്നുണ്ടായിരുന്നു. മെഴുക് തിരിക്ക് തീരെ പ്രകാശമില്ലാത്തത് പോലെയാണ് എനിക്ക് തോന്നിയത്.

ഹദ്റത്ത് ചൗദരി ബർക്കത്തലി സാഹിബ് എഴുതുന്നു. ബൈഅത്തിനുള്ള അനുമതി ലഭിച്ച് ഒരു മാസത്തിന് ശേഷം ഞാൻ ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിനോട് പറഞ്ഞു . ഖാദിയാനിൽ പോയി ഹുദൂറിന്റെ കയ്യിൽ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ ഇത് വരെ എന്റെ സ്വദേശത്ത് നിന്ന് പുറത്തെവിടെയും പോയിട്ടില്ല. തീവണ്ടിപോലും ഞാൻ കണ്ടിട്ടില്ല. എനിക്ക് ഖാദിയാനിലേക്കുള്ള വഴി പറഞ്ഞ് തന്നാലും. അദ്ദേഹം എനിക്ക് വഴി പറഞ്ഞുതന്നു. ഇവിടെ നിന്ന് സംഗയിൽ പോവുകയും അവിടെ നിന്ന് റഹ്മത്തുല്ലാഹ് സാഹിബിന്റെ കടയിൽ പോയി അദ്ദേഹം പഗ്വാഡയിലേക്ക് വഴി പറഞ്ഞ് തരികയും അവിടെ നിന്ന് ബട്ടാലയിൽ രാത്രി 10 മണിക്ക് എത്തുമെന്നും പറഞ്ഞു. എന്നോട് രാത്രി സ്റ്റേഷനിൽ തങ്ങാനും രാവിലെ ഖാദിയാനിൽ പോകാനുമാണ് പറഞ്ഞത്. ഞാൻ പറഞ്ഞത് പോലെ ഇറങ്ങിപ്പുറപ്പെട്ടു. ബട്ടാല സ്റ്റേഷനിൽ നിന്ന് ഇറങ്ങിയപ്പോൾ ചെറിയ ഒരു പള്ളി കണ്ടു. രാത്രി ഏതായാലും ഇവിടെ തങ്ങാമെന്ന് ഞാൻ കരുതി. പറയുന്നു. പള്ളിയിൽ ഞാൻ കയറിയ ഉടനെതന്നെ ഒരാൾ വന്ന്കൊണ്ട് എന്നോട് ചോദിച്ചു. നിങ്ങൾ ആരാണ്. ഞാൻ ഒരു യാത്രക്കാരനാണ്. എനിക്ക് ഖാദിയാനിലേക്കാണ് പോകേണ്ടത്. ഇത് കേട്ട ഉടനെ തന്നെ അയാൾ ശകാരിക്കാൻ തുടങ്ങി. മിർസായികൾ രാത്രി വന്ന് പള്ളി അശുദ്ധമാക്കുന്നു. ഇനി രാവിലെ പള്ളി കഴുകേണ്ടതായി വരും. ഇപ്പോൾ തന്നെ പോകണം എന്ന് എന്നോട് ശാഠ്യം പിടിച്ചു. ഞാൻ പറഞ്ഞു. ഞാൻ ഇപ്പോൾ പോകില്ല. രാത്രി തങ്ങിയിട്ടെ ഞാൻ പോകുന്നുള്ളൂ. അല്ലാഹുവിന്റെ വീട്ടിൽ നിന്ന് എന്നെ എങ്ങനെ പുറത്താക്കാൻ കഴിയും പിന്നെ പലതും പറഞ്ഞ് അയാൾ തിരിച്ച് പോയി. സുബ്ഹി നേരത്തെ തന്നെ നമസ്ക്കരിച്ച് ഞാൻ ഖാദിയാനിലേക്ക് തിരിച്ചു. മസ്ജിദ് മുബാറക്കിൽ എത്തിയതിന്ശേഷം ഞാൻ കണ്ടത് മസീഹ് മൗഊദ് ഒരു ജനലിലൂടെ മസ്ജിദ് മുബാറക്കിലേക്ക് നോക്കുന്നുണ്ടായിരുന്നു. ഞാൻ അങ്ങയെ കണ്ടപ്പോൾ മനസ്സിൽ പറഞ്ഞു. തലമുതൽ കാൽ വരെ പ്രകാശമാണല്ലോ ഇത് സത്യസന്ധന്മാരുടെ മുഖമാണ്. അൽഹക്കമിൽ വന്ന കലിമാത്തെ ത്വയ്യിബാത്തിൽ പറഞ്ഞ ഇമാമുസ്സമാൻ ഇത് തന്നെയാണ്. ഈ പരിശുദ്ധ വ്യക്തിയെ തന്നെയാണ് ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നത്.

മുഹമ്മദ് സിദ്ധീഖ് സാഹിബിന്റെ നിവേദനങ്ങളും രിവായത്തെ സ്വഹാബയിൽ കാണാം. പറയുന്നു,എനിക്ക് നബിയുല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദിനെ സന്ദർശിക്കാനായി മൗലവി സഫർ അഹ്മദ് തുഫൈൽ സാഹിബ്, മുൻ ഹെഡ് ക്ലാർക്ക് കാൺപൂർ പിന്നീട് അദ്ദേഹം ദാറുൽ ഫസൽ ഖാദിയാനിൽ താമസമാക്കി. എനിക്ക് അപ്പോൾ 10 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ആരോ ഒരാൾ മസീഹ് മൗഊദ് വന്നിരിക്കുന്നു എന്ന് ഉറക്കെ പറഞ്ഞു. ഞങ്ങളിൽ പലരും ഓടുകയും കാളവണ്ടിക്ക് ചുറ്റുമുണ്ടായിരുന്ന തുണികൾ മാറ്റുകയും ചെയ്തു. ചെറിയ കാളവണ്ടിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇരിക്കുന്നുണ്ടായിരുന്നു. ചുറ്റുമുള്ള തുണി ഉയർത്തി ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കണ്ടു. വളരെ ആകാംക്ഷയോടെയാണ് ഞങ്ങൾ അങ്ങയെ കണ്ടത്. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജന്മനാ അഹ്മദിയായിരുന്നു. എങ്കിലും മസ്ജിദ് മുബാറക്കിൽവെച്ച് മസീഹ് മൗഊദിന്റെ കയ്യിൽ മറ്റ് മൂന്ന് നാല് ആളുകളോടൊപ്പം ബൈഅത്ത് ചെയ്യാനുള്ള അവസരം ലഭിച്ചു. ബൈഅത്തിന്ശേഷം ഹുസൂർ ദീർഘമായി ദുആ ചെയ്തു. ബൈഅത്തിന്റെ വചനങ്ങൾ ഉരുവിടുമ്പോൾ അങ്ങയുടെ പ്രകാശിതമായ മുഖത്ത് കണ്ട വിനയവും വേദനയും ആർക്കും തന്നെ വിവരിക്കാൻ സാധ്യമല്ല.

ഫസൽ അഹ്മദ് സാഹിബ് ഗുർദാസ് നംഗൽ എഴുതുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) കേസുകളിൽ നിന്ന് വിമുക്തനായ ശേഷം കറംദീൻ നംഗയിൽ എത്തി. വൈകുന്നേരം മഗ്രിബിന് ശേഷമാണ് അവിടുത്തെ പള്ളിയിൽ എത്തിയത്. അങ്ങ് പള്ളിയിലെത്തിയപ്പോൾ പള്ളി വളരെ പ്രകാശിതമായിരുന്നു. ആ പ്രകാശം ഇപ്പോഴും എന്റെ കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്നു.

അലി മുഹമ്മദ് സാഹിബ് ഹോൺഡൽ ചക്ക്ജില്ല സർഗോദ എഴുതുന്നു: സാഹിബ് സാദാ മിർസാ മുബാറക്ക് അഹ്മദ് സാഹിബിന്റെ വഫാത്തിന് 7 ദിവസം മുമ്പ് (മസീഹ് മൗഊദിന്റെ ഇളയ മകൻ ചെറുപ്പത്തിൽ മരണപ്പെട്ടിരുന്നു) മൗലവി ഗുലാം ഹുസൈനും മറ്റ് മൂന്ന് പേരും ബൈഅത്തിനായി ഖാദിയാനിൽ പോയി. ഞങ്ങൾ 4 പേരും അങ്ങയുടെ വീട്ടിലെത്തി വാതിലിൽ മുട്ടിയപ്പോൾ അങ്ങ് പുറത്ത് വന്നു. ചെറുതും വലുതുമായ പുറത്ത് ഒന്ന് രണ്ട് കട്ടിലുകൾ പുറത്ത് തന്നെ ഉണ്ടായിരുന്നു. അങ്ങ് ഞങ്ങളോട് പറഞ്ഞു. ഈ വലിയ കട്ടിലിൽ വന്ന് ഇരിക്കുക. എന്നിട്ട് അങ്ങ് ചെറിയ കട്ടിലിൽ ഇരുന്നു. ഞങ്ങൾ ചെറിയ ഭയം കാരണംതാഴെ ഇരിക്കാൻ ശ്രമിച്ചു. അങ്ങ് വീണ്ടും കട്ടിലിൽ ഇരിക്കാനായി പറഞ്ഞു. അവസാനം ഞങ്ങൾ അപ്രകാരം ഇരുന്നു. ഇതിൽ തന്നെ അങ്ങയുടെ സ്വഭാവത്തെപ്പറ്റി ഞങ്ങൾക്ക് മനസ്സിലാക്കുകയും മറ്റുള്ളവർ അങ്ങയെക്കുറിച്ച് പറഞ്ഞതെല്ലാം തെറ്റായിരുന്നെന്ന് ബോധ്യമായി. ഏറ്റവും ചെറുതായിരുന്ന ഞാൻ കട്ടിലിന്റെ ഒരു വശത്താണിരുന്നത്. മൗലവി ഗുലാം ഹുസൈൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമ്പിൽ തന്നെ ഇരുന്നു. ഹുദൂർ, ഗുലാം ഹുസൈൻ സാഹിബിനോട് സഹതാപം കാണിക്കുമെന്നായിരുന്നു ഞാൻ കരുതിയത്. എന്നാൽ അങ്ങ് എന്റെ കയ്യിന്മേൽ കൈ വെച്ച് ഞങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു. ബൈഅത്തിനായി അങ്ങയുടെ അനുഗ്രഹീതമായ കരങ്ങൾ എന്റെ കയ്യിൽ സ്പർശിച്ചപ്പോൾ വൈദ്യുതി കണക്കെ അങ്ങയുടെ കയ്യിൽ നിന്ന് എന്റെ ശരീരത്തിലേക്ക് എന്തോ വ്യാപിക്കുന്നതായി എനിക്ക് തോന്നി. അപ്പോൾ അങ്ങയുടെ ഗാംഭീര്യം വളരെ അധികമായിരുന്നു. ഇപ്പോൾ ഈ ലോകത്ത് ഇത്ര ഉന്നതനായ വ്യക്തിയെ മറ്റെവിടെയും കാണാൻ സാധിക്കില്ല എന്നെനിക്ക് തോന്നി. ഞങ്ങൾ അങ്ങയെ നബിയെന്ന് മനസ്സിലാക്കിയാണ് ബൈഅത്ത് ചെയ്തത്. അങ്ങയുടെ കാഴ്ചപ്പാടിൽ വലിയവർക്ക് മാത്രമല്ല ചെറിയവർക്കും സ്ഥാനമുണ്ടായിരുന്നു. അങ്ങയുടെ വഫാത്തിൽ ഞങ്ങളുടെ ചക്കിലുള്ള പലരും പിന്തിരിഞ്ഞു അഹ്മദിയ്യത്തിൽ നിന്ന് പിന്മാറാൻ തുടങ്ങി. എന്നാൽ ഒരു നിരക്ഷരനായിരുന്നിട്ടു കൂടി എന്നിൽ അല്ലാഹുവിന്റെ അനുഗ്രഹവും ഗാംഭീര്യവും വലിയ പ്രഭാവമാണ് ചെലുത്തിയത്. ഞാൻ പറഞ്ഞു. ഈ ലോകം മുഴുവൻ അഹ്മദിയ്യത്ത് ഉപേക്ഷിച്ചാലും ഞാൻ അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയില്ല.

ഹദ്റത്ത് നിസാമുദ്ദീൻ സാഹിബ് പോസ്റ്റ് മാസ്റ്റർ തഖീപൂർ നിവേദനം ചെയ്യുന്നു. ഞാൻ രോഗശയ്യയിലായി മരണത്തോട് മല്ലടിക്കു

കയായിരുന്നു.ഞാൻ അബോധാവസ്ഥയിലായപ്പോഴാണ് മസീഹ് മൗഊദ് വന്നത്. ഞാൻ കണ്ണ് തുറന്ന ഉടനെ കണ്ടത് റൂം മുഴുവൻ പ്രകാശത്തിന് മേൽ പ്രകാശമായതായിട്ടാണ്. മരുന്നുകൾ കൊണ്ട് നിറഞ്ഞ ഒരു അലമാര അങ്ങ് സ്വന്തം കൈകൊണ്ട് തുറന്ന് ഒരു കുപ്പി തുറന്ന്കൊണ്ട് മുൻഷിജി ഇതിൽ നിന്ന് 20 തുള്ളി കുടിക്കുക എന്ന് എന്നോട് പറഞ്ഞു കുടിച്ചയുടനെതന്നെ അല്ലാഹു എന്റെ രോഗം ഭേദപ്പെടുത്തി.

ഹദ്റത്ത് സയ്യിദ് മീർ ഇനായത്ത് അലി സാഹിബ് ലുധിയാന ഖാൻ ബഹാദുർ മിർ അലുശാ സാഹിബ് ഉന്നതപദവിയിൽ വിരാജിച്ചിരുന്ന വ്യക്തിയായിരുന്നു. ഇദ്ദേഹം മസീഹ് മൗഊദ്(അ)നെ ലുധിയാനയിൽ താമസിക്കാനായി ക്ഷണിച്ചു. താമസിക്കാനായി വീടും നിർദേശിച്ചു. ഇദ്ദേഹത്തോട് ആരോ പറഞ്ഞു, താങ്കളുടെ വീട്ടിലെ വിലിപിടിപ്പുള്ള വസ്തുക്കളെല്ലാം മാറ്റേണ്ടതായി വരും കാരണം മസീഹ് മൗഊദ് (അ) ന്റെ കൂടെ ദരിദ്രരായ ആളുകളും വരുന്നതായിരിക്കും. ആത്മീയസദസ്സായിരിക്കും ഉണ്ടാവുക അവർക്ക് വേണ്ടിയും സ്ഥലമൊരുക്കേണ്ടതാണെന്നും പറഞ്ഞു. എന്നാൽ മിർ അലി ശാ സാഹിബിന്റെ മനസ്സിൽ തോന്നിയത് ഇവിടെയുള്ള പരവതാനിയിൽ പരിശുദ്ധനായ വ്യക്തി കാൽ വെക്കുന്നത് തന്നെ വളരെ അനുഗ്രഹീതമായിരിക്കും എന്നായിരുന്നു. പറഞ്ഞതുപോലെ, മസീഹ് മൗഊദ് ലുധിയാനയിലേക്ക് തിരിച്ചു. പട്ടണത്തിൽ വല്ലാത്ത ബഹളമായിരുന്നു. ജനങ്ങൾ സ്റ്റേഷനിൽ തിങ്ങിനിറഞ്ഞു. പ്ലാറ്റ്ഫോമുകൾ നിറഞ്ഞു കവിഞ്ഞിരുന്നു. മിർ അലി ശാ സാഹിബിനല്ലാതെ മറ്റാർക്കും അങ്ങയെ മുഖപരിചയമില്ലായിരുന്നു. ഞാനും പ്രധാന കവാടത്തിൽ തന്നെ നിൽക്കുന്നുണ്ടായിരുന്നു. മിർ സാഹിബ് ഉള്ളിലേക്ക് പോയി. ഞാൻ ടിക്കറ്റ് കലക്റ്ററുടെ അടുത്ത് ഒറ്റക്ക് നിൽക്കുകയായിരുന്നു. വണ്ടി വന്ന ഉടനെ മിർ സാഹിബ് വണ്ടിയിൽ അങ്ങയെ അന്വേഷിക്കാൻ തുടങ്ങി. മസീഹ് മൗഊദ് (അ) പെട്ടെന്ന് തന്നെ വണ്ടിയിൽ നിന്നിറങ്ങി പ്രധാന കവാടത്തിലെത്തി. അങ്ങയുടെ കൂടെ മൂന്ന് പേരുണ്ടായിരുന്നു. അവരെ എനിക്ക് പരിചയമില്ലായിരുന്നു. ഞാൻ യാത്രക്കാരെ വീക്ഷിച്ചപ്പോൾ വളരെ വിനയം നിറഞ്ഞതും ലളിതവുമായ മുഖം കണ്ടപ്പോൾ ഇത് തന്നെയാണ് മസീഹ് മൗഊദ് എന്ന് ഞാൻ മനസ്സിലാക്കി. ഹസ്തദാനം ചെയ്യുകയും ആ പരിശുദ്ധകരങ്ങളിൽ മുത്തമിടുകയും ചെയ്തു. 3 പേർ എന്നോടൊപ്പമുണ്ടായിരുന്നു. മൗലവി ജാൻ മുഹമ്മദ് സാഹിബ്, ഹാഫിസ് ഹമീദലി സാഹിബ് മർഹൂം ലാലാ മലാവാമൽ സാഹിബ്

മറ്റൊരു രിവായത്ത് ഫിറോസുദ്ധീൻ സാഹിബ് സിയാൽ കോട്ട് സ്വദേശിയുടേതാണ്. മസീഹ് മൗഊദ് (അ) മസീഹ് വാദം ഉന്നയിച്ച് കുറച്ച് കാലങ്ങൾക്ക്ശേഷം എന്റെ പിതാമഹൻ മസീഹ് മൗഊദിന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. കുടുംബത്തോട് മുഴുവനും പറഞ്ഞു. (മസീഹ് മൗഊദ്) ഇദ്ദേഹം ഇവിടെ ജോലി ചെയ്ത അന്ന് മുതൽ എനിക്ക് അദ്ദേഹത്തെ നന്നായിട്ടറിയാം. അതുകൊണ്ട് നിങ്ങളും ബൈഅത്ത് ചെയ്ത്കൊള്ളുക. ഈ മുഖം ഒരിക്കലും കള്ളവാദിയുടേതാകാൻ തരമില്ല. അങ്ങനെ 1892 ൽ ഞങ്ങളുടെ മുഴുവൻ കുടുബവും ബൈഅത്ത് ചെയ്തു.

മറ്റൊരു നിവേദനം ഡോക്ടർ അബ്ദുൽ മജീദ് ഖാൻ ശാഹ് ജഹാൻ പൂരിയുടേതാണ്. ഉഷ്ണക്കാലത്ത് ഏകദേശം പകൽ 1 മണിക്ക് മസീഹ് മൗഊദ് (അ) വീട്ടിൽ നിന്ന് പുറത്തക്ക് പോയി. ഞാൻ മെല്ലെ മെല്ലെ ഹുദൂറിനെ അനുഗമിച്ചു, ഈ സമയത്ത് എവിടെപ്പോകുന്നു എന്നറിയാൻ. ഒരു വലിയ വൃക്ഷത്തിന് സമീപമുള്ള സ്ത്രീകളുടെ ജലസാഗാഹിലേക്ക് അങ്ങ് പോയി. പെട്ടെന്ന് തിരി ഞ്ഞ് നിന്ന് കൊണ്ടു പറഞ്ഞു. ഇപ്പോൾ നിങ്ങൾ എന്റെ കൂടെ വരരുത്. ഞാൻ അവിടെ തന്നെ നിന്നു. അങ്ങ് കുറെ ദൂരത്ത് ഒരു ചെറിയ മരത്തിന്റെ ഒരു ഭാഗത്തായി ഏകദേശം 10 മിനിട്ടോളം ഇരുന്നു. ഞാനും അങ്ങയും തമ്മിലുള്ള അകലം കുറച്ചധികമായതു കൊണ്ട് അങ്ങ് ദുആ ചെയ്യുകയാണോ എന്തോ എന്നെനിക്കറിയില്ല. എന്നാൽ പെട്ടെന്ന് എനിക്ക് ഓർമ്മ വന്നത് അങ്ങ് കൂടെ വരുന്നതിൽ നിന്ന് എന്നെ വിലക്കിയിരുന്നു എന്നാണ്. ഞാൻ തിരിച്ചുവന്നു. എന്റെ മാതാവിനോട് ഇക്കാര്യം പറഞ്ഞു. ളുഹർ ബാങ്കിന് ശേഷം അവിടുന്ന് തിരിച്ചുവരുമ്പോൾ. അല്ലാഹുവിൽ നിന്ന് വല്ല സന്തോഷവാർത്തയും ലഭിച്ചതുപോലെ ആ മുഖം തിളങ്ങുന്നുണ്ടായിരുന്നു.

മൗലവി ഫസൽ ഇലാഹി സാഹിബ് ഖാദിയാൻ രിവായത്ത് ചെയ്യുന്നു. എനിക്ക് ഒരു സംഭവം ഓർമ്മ വരുന്നു. ഒരു ദിവസം മഗ്രിബ് നമസ്കാരശേഷം മസീഹ് മൗഊദ് (അ) കിഴക്ക് ഭാഗത്തേക്ക് നോക്കി ഇരിക്കുന്നുണ്ടായിരുന്നു. 15,16 തിയ്യതിയിലെ ചന്ദ്രനെയാണ് ആകാശത്ത് കണ്ടത്. ഇരുട്ടിൽ കിഴക്കുനിന്ന് ചന്ദ്രൻ ഉദിച്ചുയർന്നപ്പോൾ ഈ വിനീതൻ പടിഞ്ഞാറ് ഭാഗത്ത് നിന്ന് അങ്ങയുടെ മുഖത്തേക്ക് നോക്കി ഇരിക്കുകയായിരുന്നു. അങ്ങയുടെ മുഖത്ത് നിന്ന് പ്രകാശകിരണങ്ങൾ പുറപ്പെടുന്നതായി ഞാൻ കണ്ടു. അവ ചന്ദ്രന്റെ പ്രകാശരശ്മികളുമായി കൂട്ടിമുട്ടുന്നതായി എനിക്ക് തോന്നി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റളി) അരുൾ ചെയ്യുന്നു. 1904 ൽ മസീഹ് മൗഊദ് (അ) ലാഹോറിലേക്ക് പുറപ്പെടുകയും അവിടെ നടന്ന സമ്മേളനത്തിൽ അങ്ങ് പ്രസംഗിക്കുകയും ചെയ്തു. അനഹ്മദിസഹോദരൻ ശേഖ് റഹ്മത്തുല്ലാ വക്കീലും അവിടെയുണ്ടായിരുന്നു. അദ്ദേഹം പറയുന്നു. പ്രസംഗത്തിനിടയിൽ ഞാൻ കണ്ടത് മസീഹ് മൗഊദ് (അ)ന്റെ തലയിൽ നിന്ന് തൂണിന്റെ രൂപത്തിൽ പ്രകാശം ആകാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നതായിട്ടാണ്. എന്റെ കൂടെ മറ്റൊരാളുമുണ്ടായിരുന്നു. ഞാൻ പറഞ്ഞു. നോക്കൂ!. ഈ കാണുന്നതെന്താണ്? പറഞ്ഞു ഇത് പ്രകാശത്തിന്റെ തൂണാണ് എന്ന് തോന്നുന്നു. മസീഹ് മൗഊദിൽ നിന്ന് പുറപ്പെട്ട് അത് ആകാശത്തിലെത്തിയിരിക്കുന്നു. ഈ കാഴ്ച ശേഖ് റഹ്മത്തുല്ലാ സാഹിബ് വളരെ ആശ്ചര്യത്തോടെ നോക്കി കണ്ടു. അന്നേദിവസം തന്നെ അദ്ദേഹം മസീഹ് മൗഊദ്(അ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്തു.

ഹദ്റത്ത് മിയാൻ മുഹമ്മദ് സാഹിബ് റായി ജില്ല ഗുർദാസ്പൂർ നിവേദനം ചെയ്യുന്നു. ഞാൻ 1907 ലാണ് ബൈഅത്ത് ചെയ്തത്. ഞങ്ങൾ നിരന്തരം ജുമുഅ നമസ്കാരത്തിനായി പോകുമായിരുന്നു. മസീഹ് മൗഊദ് (അ) ലാഹോറിലേക്ക് പോയതിന്ശേഷം രോഗം മൂർച്ചിച്ച് വഫാത്തായിരിക്കുന്നു എന്ന് ഞങ്ങൾ അറിഞ്ഞു. എതിരാളികൾ ഈ പ്രസ്ഥാനംതന്നെ അവസാനിച്ചിരിക്കുന്നു എന്നും വഫാത്തിന് ശേഷം അങ്ങയുടെ മുഖം (നഊദുബില്ലാഹ്) കറുപ്പു നിറമാ യിരിക്കുന്നു എന്നും പ്രചരിപ്പിക്കാൻ തുടങ്ങി. മസീഹ് മൗഊദ് (അ) ജീവിതകാലത്ത് ഞാൻ എന്റെ മക്കളായ ഇബ്രാഹീമിനെയും ജാൻ മുഹമ്മദിനെയും കൂടെ കൊണ്ടുപോകുമായിരുന്നു. അവർക്ക് മസീഹ് മൗഊദിനെ പരിചയപ്പെടുത്തിക്കൊടുക്കും. ഇവർ രണ്ടുപേരും ഹുസൂറിന്റെ കാലുകളിൽ പറ്റിപ്പിടിച്ച് നിൽക്കുമായിരുന്നു. അവിടുന്ന് വളരെ സന്തോഷഭരിതനാകുമായിരുന്നു. അങ്ങയുടെ വഫാത്ത് സമയത്ത് ഞാൻ എന്റെ മക്കളെയും കൂട്ടി ഖാദിയാനിലെത്തി. അവർക്ക് അങ്ങയുടെ മുഖം കാണിച്ചുകൊടുത്തു. ഞാനും കണ്ടു എന്റെ മക്കൾ വീണ്ടും വീണ്ടും ഉപ്പാ ഞങ്ങൾക്ക് ആ മുഖം ഇനിയും കാണണം എന്ന് പറഞ്ഞ്കൊണ്ടിരുന്നു. വല്ലാതെ

കരയുന്നുണ്ടായിരുന്നു. അങ്ങയുടെ ജീവിതകാലത്ത് തിരിച്ച് വരാൻ ഞങ്ങൾക്ക് സമയമാകുമ്പോൾ അങ്ങയെ കെട്ടിപ്പിടിക്കുമായിരുന്നു. ഇനി ഞങ്ങൾ ആരെയാണ് കെട്ടിപ്പിടിക്കുക. അവർക്ക് ഞാൻ 4 പ്രാവശ്യം ഹുസൂറിന്റെ മുഖം കാണിച്ചുകൊടുത്തു. റസൂൽ ﷺ ന്റെ മുഖകമലം പോലെ തന്നെ അങ്ങയുടെ മുഖവും പ്രകാശത്താൽ നിറഞ്ഞതായിരുന്നു. ഇതിന് മുമ്പൊരിക്കലും ഇങ്ങനെയൊന്ന് സംഭവിച്ചിട്ടില്ല. സംഭവിക്കുകയുമില്ല. യഥാർത്ഥ പ്രകാശം റസൂൽ ﷺ യും മസീഹ് മൗഊദ് (അ) അതിന്റെ പ്രതിച്ഛായയുമായിരുന്നു. വഫാത്തായപ്പോൾ ആ മുഖം കറുത്തിരുന്നു എന്നെല്ലാം എതിരാളികൾ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ ഞങ്ങൾ ആ മുഖം കണ്ടപ്പോൾ റസൂൽ ﷺ നെ ക്കുറിച്ച് കേട്ടതുപോലെതന്നെ ആ മുഖവും പ്രകാശിതമായിരുന്നു. അങ്ങ് റസൂൽ ﷺ ന്റെ പ്രതിച്ഛായയായതുകൊണ്ടാണത്. പിന്നീട് ഞങ്ങൾ മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് അങ്ങയുടെ ഭൗതികശരീരം ഖബറടക്കിയ ശേഷം തിരിച്ച് വരികയും ചെയ്തു. പിന്നീട് ഞങ്ങൾ പലപ്പോഴും മസീഹ് മൗഊദ് (അ) ന്റെ അൽഭുതദൃഷ്ടാന്തങ്ങൾ ജനങ്ങൾക്ക് പറഞ്ഞ് കൊടുത്ത് തബ്‌ലീഗ് ചെയ്യുമായിരുന്നു.

ഒരുപാട് സംഭവങ്ങൾ ഇനിയുമുണ്ട്. ഇനിയും അത് നിങ്ങൾക്ക് മുമ്പിൽ വെക്കുന്നതായിരിക്കും. ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സ്വഹാബാക്കളുടെ ആത്മീയനിലവാരത്തെക്കുറിച്ചും മസീഹ് മൗഊദ് (അ) ന്റെ പ്രകാശത്തിൽനിന്ന് പങ്കാളികളായതുകൊണ്ട് അവർക്കുണ്ടായ ആത്മീയ ഉന്നതിയെക്കുറിച്ചും പറയാനാഗ്രഹിക്കുകയാണ്.

ഹദ്റത്ത് ഖലീഫത്തുൽ സാനി (റ) യുടെ ഖാലാഫത്ത് തെരഞ്ഞെടുപ്പിനുശേഷം ചില ഭൗതിക ചിന്താഗതിക്കാർക്ക് പരീക്ഷണങ്ങളുണ്ടായി. ഒരു വിഭാഗം വേർപ്പിരിയുകയും ചെയ്തു. എന്നാൽ അല്ലാഹു ഭൂരിപക്ഷം ആളുകളെയും സുരക്ഷിതരായി ജമാഅത്തിൽതന്നെ നിലനിർത്തി. പിന്തിരിഞ്ഞ പലർക്കും സന്മാർഗ്ഗം ലഭിക്കുകയും ചെയ്തു. ഒരു സംഭവം ഇപ്രകാരമാണ് ഹദ്റത്ത് ഗുലാം റസൂൽ രാജെകി (റളി) പറയുന്നു. ഒരു ദിവസം ഞാൻ പിഷാവറിലെ അഹ്മദിയ്യാ പള്ളിയിൽ ഇരിക്കുകയായിരുന്നു. എന്റെ സമീപത്തു തന്നെ മിയാൻ ശംസുദ്ദീൻ സാഹിബ് അമീർ ജമാഅത്ത് പിഷാവറും ഇരിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് എനിക്കൊരു ദർശനമുണ്ടായി. ഖലീഫ സാനി വന്നതായി ഞാൻ കണ്ടു. അവിടുത്തെ ഹൃദയം തനിക്ക് മുന്നിൽ കാണാമായിരുന്നു. അതിൽ ഒരു പാട് സൂര്യന്മാർ തിളങ്ങുകയാണെന്നെനിക്ക് തോന്നി അപ്രകാരം ഞങ്ങളുടെ മേലും പതിച്ചുകൊണ്ടിരുന്നു. അങ്ങയുടെ ഹൃദയത്തിന് നേരെയായിനിന്ന എന്റെ ഹൃദയത്തിലും ബൾബുപോലുള്ള പ്രകാശം ഞാൻ കണ്ടു.

സോനേഖാൻ സാഹിബ് സറിയാനയുടെ നിവേദനം ഇപ്രകാരമാണ്. ഖലീഫ സാനിയുടെ സത്യസാക്ഷ്യവുമായി ബന്ധപ്പെട്ട് എനിക്ക് കാണാൻ കഴിഞ്ഞ ഒരു കാര്യം വിവരിക്കുകയാണ്. അഹ്‌രാരികൾക്ക് ആധിക്യമുള്ള അക്കാലത്ത് ബാഹ്യവും അഭ്യന്തരവുമായ ഒരുപാട് പ്രശ്നങ്ങളുണ്ടായ കാലമായിരുന്നു. ഞാൻ ഈ വേളയിൽ ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹുവേ എന്റെ ഗുരുവിന്റെ അഭിമാനത്തിന് ഒരിക്കലും ക്ഷതമേൽക്കാതിരിക്കട്ടെ, അദ്ദേഹം എന്റെ മസീഹിന്റെ പുത്രനാണ്. വളരെയധികം ദുആ ചെയ്യുകയും സ്വലാത്തും തഹ്മീദും ഞാൻ ഒരുപാട് ചൊല്ലിക്കൊണ്ടിരിന്നു. ദുആ ചെയ്തുകൊണ്ടേയിരുന്നപ്പോൾ സ്വപ്നത്തിലെന്നപോലെ ഒരാൾ എന്റെ അടുത്തേക്ക് വന്നുകൊണ്ട് പറഞ്ഞു. കിഴക്ക് ഭാഗത്ത് ഒരു ഗ്രാമത്തിൽ ഒരു വലിയ മൗലവി വന്നിരിക്കുന്നു. അയാൾ പറയുന്നത് അഹ്മദികളെ വേരോടെ പിഴുതെറിയുമെന്നാണ്. ഞാൻ ബർക്കത്തലി അഹ്മദിനെയും അലി അഹ്മദിനെയും കൂട്ടി ഞാൻ (സ്വപ്നത്തിൽ) പുറപ്പെട്ടു. ഞങ്ങൾ കൺടോരിഖദ് എന്ന സ്ഥലത്തെത്തിയപ്പോൾ അസർ നമസ്കാരത്തിന് സമയമായിരുന്നു. ഞാൻ ഇമാമായി നിന്ന് നമസ്കാരമാരംഭിച്ചു. ഇതിനിടയിൽ ഖൈർഖാനും ഗുലാം ഗൗസ് അഹ്മദിയും എത്തി. ആകാശത്തേക്ക് നോക്കിയപ്പോൾ അവിടെ രണ്ട് ചന്ദ്രൻ നിൽക്കുന്നതായി തോന്നി. ഒരു ചന്ദ്രൻ പൂർണ്ണപ്രകാശത്തോടും മറ്റേ ചന്ദ്രൻ അടുത്ത്തന്നെയെങ്കിലും അതിൽ പ്രകാശമില്ലായിരുന്നു. ഞാൻ നോക്കിനിൽക്കേ തന്നെ അതിലും പ്രകാശം വരാൻ തുടങ്ങി അങ്ങനെ ആദ്യചന്ദ്രന്റെ തുല്യപ്രകാശമായി. ഞാൻ ദുആ ചെയ്തു രണ്ടും ഒരേപോലെ പ്രകാശിതമായി. അപ്പോഴാണ് ഒരശരീരി കേട്ടത്. അതായത് ആദ്യചന്ദ്രൻ മസീഹ് മൗഊദ് (അ) ഉം രണ്ടാമത് പ്രകാശിച്ചത് ഹദ്റത്ത് ഖലീഫ സാനിയുമായിരുന്നു. മസീഹ് മൗഊദിനുണ്ടായ ഈ വാഗ്ദത്തപുത്രനെപ്പറ്റി അദ്ദേഹത്തിന്റെ ജനനത്തിന് മുമ്പ് തന്നെ അനവധി പ്രവചനങ്ങൾ ഉണ്ടായിരുന്നു. വാഗ്ദത്ത പരിഷ്കർത്താവിനെപ്പറ്റിയുള്ള ഈ പ്രവചനങ്ങൾ വളരെ പ്രസിദ്ധവും ഓരോ അഹ്മദിയും അറിയുന്നതുമാണ്. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വളരെ സങ്കീർണ്ണമായ പല പ്രശ്നങ്ങളുണ്ടായിട്ടും ഇസ്‌ലാമിന്റെ സന്ദേശം പരത്താനും മുഹമ്മദ് നബി (സ) ന്റെ പ്രകാശത്തെ വ്യാപിപ്പിക്കാനുമായി വിപുലമായ പ്രവർത്തനങ്ങളാണ് നടന്നത്. ആ ഘട്ടങ്ങളിലും പല പ്രശ്നങ്ങളും തലപൊക്കുമായിരുന്നു. ഇപ്പോഴും ചില സമയങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. മുസ്‌ലിഹ് മൗഊദിന്റെ പേരിലാണ് ഉണ്ടാകാറുള്ളത്. പലപ്പോഴും മാനസിക വിഭ്രാന്തി പിടിച്ച ചിലർ മറ്റൊന്നും പറഞ്ഞിട്ടില്ലെങ്കിലും വാഗ് ദത്ത പരിഷ്കർത്താവെന്ന് സ്വയം വാദിക്കുന്നതാണ് കണ്ട് വരാറുള്ളത്. എന്നാൽ ചില ആളുകൾ ഇത്തരം മാനസികവിഭ്രാന്തിയുള്ളവരെ കൂടുതൽ പ്രശ്നക്കാരനാക്കാൻ അവനെ പിൻതാങ്ങുന്നു എന്നതാണ് അപകടകരമായ കാര്യം.ഇത്തരക്കാർ കപടവിശ്വാസികളാണ്. ഇവർ ജമാഅത്ത് ഉപേക്ഷിച്ച് ഇത്തരക്കാരുടെ പിന്നിൽ നിൽക്കുന്നു. ഇത് ജമാഅത്തിൽ കുഴപ്പമുണ്ടാക്കാനും വിള്ളൽ സൃഷ്ടിക്കാനും വേണ്ടി മാത്രമാണ്. മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനങ്ങൾക്ക് വ്യക്തമായ തെളിവുകളുണ്ട്. ഇതിനുശേഷവും ഇതംഗീകരിക്കാത്തവർ വിഢ്ഢികളാണെന്നേ പറയാൻ കഴിയൂ.

മറ്റൊരു രിവായത്തിൽ മൗലാനാ ഗുലാം റസൂൽ രാജകി പറയുന്നു. വിനീതൻ ഹദ്റത്ത് ഖലീഫ സാനിയുടെ സമക്ഷത്തിലേക്ക് ഇപ്രകാരം എഴുതി. സയ്യിദ്നാ ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ ബൈഅത്ത് ചെയ്തതിനു ശേഷം ഹുസൂറിന്റെ അനുഗ്രഹത്താൽ എനിക്ക് ബുദ്ധിവികാസമുണ്ടായിരിക്കുന്നു. ഹൃദയപരിശുദ്ധിയും പ്രകടമായാൽ തീർച്ചയായും എന്റെ ഹൃദയവും മാനസിക ശക്തിയോടൊപ്പം പ്രകാശിതമാകുന്നതാണ്. അതായത് അല്ലാഹു ആന്തരിക പ്രകാശം നൽകട്ടെ കുറച്ച് ദിവസങ്ങൾക്ക് ശേഷം മുസ്‌ലിഹ് മൗഊദ് (റ) ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ മജ്‌ലിസ് ഇൽമൊ ഇർഫാനിൽ പ്രസംഗിക്കവെ ഇപ്രകാരം പറഞ്ഞു. യുവാക്കളെ സംബന്ധിച്ചേടത്തോളം എല്ലാ ഫർള് നമസ്കാരങ്ങൾക്ക്ശേഷവും 12 പ്രാവശ്യം സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം 12 പ്രാവശ്യം സ്വലാത്തും ചൊല്ലേണ്ടതാണ്. ഈ നിർദ്ദേശം ഖുദ്ദാമുൽ അഹ്മദിയ്യയ്ക്കായിരുന്നു. എന്നാൽ ഈ വിനീതൻ നിർദ്ദേശിക്കപ്പെട്ട ദിവസം മുതൽ പറഞ്ഞ പ്രകാരം പ്രവർത്തിക്കാൻ തുടങ്ങി. ഇന്നു വരെ ഇത് പ്രാബല്ല്യത്തിൽ വരുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഒരുപാട് പ്രയോജനങ്ങളുണ്ടാ

യി. അതിലൊന്നാമതായി ഹൃദയ പരിശുദ്ധികൊണ്ടും ആത്മീയ പ്രകാശംകൊണ്ടും പ്രത്യേകമായ ഒരു പ്രകാശം എനിക്ക് ലഭിച്ചു. സൂര്യചന്ദ്രന്മാരുടെ പ്രകാശം നമ്മുടെ ദൃഷ്ടികളിൽ അനുഭവപ്പെടുന്നത് പോലെ പലപ്പോഴും എന്റെ ഹൃദയം പ്രാർത്ഥനവേളകളിൽ സ്ഫടികക്കൂട്ടിലുള്ള ബൾബ് പോലെയും ഗ്യാസ് ബൾബ് കണക്കെയും പ്രകാശിക്കുമാറാകുന്നു. ചിലപ്പോൾ ശിരസ്സ് മുതൽ കാൽ വരെ പ്രകാശിതമായിരിക്കുന്നു എന്ന് തോന്നും. മസീഹ് മൗഊദ് (അ) ന്റെ സ്വഹാബാക്കളുടെ നേതൃത്വത്തിലോ ഖലീഫ സാനിയുടെ നേതൃത്വത്തിലോ നമസ്കാരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുമ്പോഴെല്ലാം ഓതപ്പെടുന്ന ഖുർആന്റെ ഓരോ വാക്കുകളിൽ നിന്നും പ്രകാശം എന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നതായി തോന്നാറുണ്ട്. ആ സമയം വളരെ വ്യത്യസ്ഥമായ രീതിയിൽ പ്രകാശപൂരിതവും സന്തോഷദായകവുമാകുന്നു.

സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം എന്ന് ദുആയെക്കുറിച്ച് ഹദീസുകളിലും കാണാവുന്നതാണ്. അതി പ്രകാരമാണ്.

ഹദ്റത്ത് റസൂൽ ﷺ അരുൾ ചെയ്തു: കലിമത്താനി ഖലീഫത്താനി അലല്ലിസാനി സഖീലത്താനി ഫിൽ മീസാൻ ഹബീബത്താനി ഇലർറഹ്മാൻ സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം പറയാൻ വളരെ എളുപ്പവും എന്നാൽ അതിന്റെ തൂക്കം വളരെ കൂടുതലുമാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കാൻ പ്രാപ്തമായവയാണ്. അല്ലാ ഹു ഇത് വളരെയധികം ഇഷ്ടപ്പെടുന്നു. അത് സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം ആകുന്നു. സുബ്ഹാനല്ലാഹി വബിഹംദി എന്നത് മസീഹ് മൗഊദ് (അ) ന്റെ ഇൽഹാമി ദുആ കൂടിയാണ്. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദ് ഇതിൽ സ്വലാത്തും അടങ്ങിയിരിക്കുന്നു. ഇത് നാം എല്ലാവരും ചൊല്ലാറുണ്ട്, ചൊല്ലിക്കൊണ്ടേയിരിക്കേണ്ടതുമാണ്. ജൂബിലിയിലെ ദുആകളിൽ ഒന്ന് ഇതായിരുന്നു. ഇവ നിൽക്കാൻ പാടില്ല തുടർന്ന് പോകേണ്ടതാണ്. സ്വലാത്തും ഈ ദുആയും (തഹ്മീദ്,തസ്ബീഹ്) ഹൃദയപരിശുദ്ധിക്ക് വളരെ അനിവാര്യമാണ്. അല്ലാഹുവിന്റെ സ്നേഹം കരഗതമാക്കാനും ഇത് വളരെ അത്യാവശ്യമാണ്. വിനോദങ്ങളുടെ ഈ കാലഘട്ടത്തിൽ നാം വളരെയധികം ദുആ ചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ മസീഹ് മൗഊദ് (അ) ന്റെ ഈ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതിന് നമ്മുടെ ഹൃദയങ്ങൾ പ്രകാശിതമാവേണ്ടിയിരിക്കുന്നു. ഇതിലൂടെ മാത്രമേ അവന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടാൻ നമുക്ക് സാധിക്കുകയുള്ളൂ. അതിനാൽ സ്വലാത്തിലൂടെയും മറ്റ് ആരാധനകൾ കൊണ്ടും നാം നമ്മുടെ ജീവിതത്തെ അലങ്കരിക്കേണ്ടിയിരിക്കുന്നു. മസീഹ് മൗഊദ് (അ) നെ വിശ്വസിക്കുന്നവർ പ്രകാശിതരാവുന്നതിനെപറ്റി മറ്റുള്ളവരോട് പറയേണ്ടിയിരിക്കുന്നു. എന്നാൽ ചില നിർഭാഗ്യവാന്മാർ അല്ലാഹുവിന്റെ അറിയിപ്പിന് ശേഷവും അവർക്ക് അവ ന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ സാധിക്കുന്നില്ല.

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി സാഹിബ് പറയുന്നു. എന്റെ സഹോദരഗണത്തിൽപ്പെട്ട മിയാൻ ഗുലാം അഹ്മദിന്റെ സ്വത്ത് ജില്ല ഗുജറാത്തിലെ ലൻഗ എന്ന ഗ്രാമത്തിലുണ്ടായിരുന്നു. ഒരിക്കൽ എന്തോ എഴുതാനായി എന്നോട് പറഞ്ഞു. അതിനായി ലൻഗയിലെത്തി. ഉഷ്ണകാലമായിരുന്നു. ഉച്ച സമയത്ത് കടുക് തോട്ടത്തിന് പിന്നിലുള്ള ഒരു കെട്ടിടത്തിൽ താമസിച്ചുപോന്നു. ഒരു ദിവസം ഞാൻ ഈ കെട്ടിടത്തിൽ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് ഞാൻ ഉറക്കമുണർന്നപ്പോൾ ഗുലാം അഹ്മദിന്റെ മാതാവും മാതൃസഹോദരിയും പറയുന്നുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ കാര്യത്തിൽ (ഗുലാം റസൂൽ രാജകി) ഞങ്ങൾക്ക് വളരെയധികം ദുഃഖമുണ്ട്. വീടുതോറും ജനങ്ങൾ അദ്ദേഹത്തെപ്പറ്റി ദുരാരോപണം നടത്തുന്നു. മിർസായി ആയതുകൊണ്ട് ഞങ്ങളുടെ കുടുംബത്തിന്റെ അഭിമാനം തന്നെ നഷ്ടപ്പെടുത്തിയിരിക്കുന്നു. യാദൃശ്ചികമായി അതേ കെട്ടിടത്തിൽ ഗുലാം അഹ്മദും ഉറങ്ങുന്നുണ്ടായിരുന്നു. ഉണർന്ന ഉടനെ ഇവരുടെ ഈ വാക്കുകളാണ് കേട്ടത്. പറഞ്ഞു. നിങ്ങൾ എന്താണീ പുലമ്പിക്കൊണ്ടിരിക്കുന്നത്. ഞാൻ ഇപ്പോൾ സ്വപ്നത്തിൽ ഗുലാം റസൂലിന് മേൽ ആകാശത്ത്നിന്ന് നാലുപാടും പ്രകാശം ചൊരിയപ്പെടുന്നതാണ് കണ്ടത്. നിങ്ങൾക്കെന്തറിയാം. നിങ്ങൾ ദുഷിച്ചവനെന്ന് കരുതുന്നയാൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ദുഷിച്ചവനായിരിക്കില്ല. ഈ നേരം ഞാൻ കെട്ടിടത്തിൽ നിന്ന് പുറത്ത് വന്നു. അവർക്ക് അഹ്മദിയ്യത്തിനെപ്പറ്റി പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. പക്ഷെ അവരിൽ ഒരു പ്രഭാവവും ഉണ്ടായില്ല. ഈ ഗുലാം അഹ്മദ് സ്വപ്നത്തിൽ എന്റെ സത്യത്തെ തെളിയിച്ച ഗുലാം അഹ്മദ് എന്റെ കടുത്ത എതിരാളിയായിമാറുകയും പണ്ഡിതൻമാരെ വിളിച്ച് വരുത്തി അഹ്മദിയ്യത്തിന് മേൽ അതിക്രമം നടത്തുകയും ചെയ്യുമായിരുന്നു. എന്നെ അപമാനിതനാക്കാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം യജമാനനനായ അല്ലാഹു എന്റെ സ്വദേശമായ രാജകിയിൽ പ്ലേഗ് പരത്തുകയും ഇവരെല്ലാവരും നശിച്ചൊടുങ്ങുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: ഓർമ്മിക്കുക ആകാശത്ത് നിന്നുള്ള പ്രകാശം ഇറങ്ങാത്തത്വരെ അല്ലാഹുവിന്റെ പ്രകാശത്താൽ ആർക്കും പ്രശോഭിതരാവാൻ സാധിക്കുകയില്ല. അനുഗ്രഹം ആകാശത്ത് നിന്നാണ് വരുന്നതെന്നത് തികച്ചും യാഥാർത്ഥ്യമാണ്. അല്ലാഹുവിന്റെ പ്രകാശത്തിൽ പങ്കാളിയാകാത്തവൻ കൃമികീടങ്ങൾക്ക് സമാനനാണ്. പല വിധ അന്ധകാരങ്ങളിലും പരീക്ഷണങ്ങളിലും അകപ്പെടുന്നവനാണവൻ. എന്നാൽ അവന്റെ പ്രകാശം തിളങ്ങാൻ തുടങ്ങിയാൽ അവന്റെ ഹൃദയവും മാനസ്സിക ശക്തിയും തിളങ്ങുന്നു. അവൻ ആ പ്രകാശത്താൽ പ്രകാശിതനായശേഷം ത്വരിതഗതിയിൽ അല്ലാഹുവിലേക്കടുക്കുന്നു.

അല്ലാഹു വിശുദ്ധഖുർനിൽ ഇപ്രകാരം പറയുന്നു

رَبَّنَآ اَتْمِمْ لَنَا نُوْرَنَا وَاغْفِرْ لَنَا ۚ اِنَّكَ
عَلٰى كُلِّ شَیْءٍ قَدِیْرٌ ۝
(66:9)

അതായത് ഞങ്ങളുടെ നാഥാ ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരേണമേ .ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്

അല്ലാഹു നമുക്കേവർക്കും അവന്റെ പ്രകാശം കരഗതമാക്കാനും മുഹമ്മദ് നബി(സ)ൽ നിന്നും മസീഹ് മഹ്ദിയിൽ നിന്നും ലഭിച്ച പ്രകാശത്തെ നിലനിർത്തുവാനുമുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ


വിവർത്തനം
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ്, കണ്ണൂർ സിറ്റി , **PHONE : 9895109624**

**KHUTHBA: HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 29 - 01 - 2010**
**at Baithul Futuh,London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**